ഉത്തരം

(എ) പ്രസ്തുത അങ്കണവാടികളുടെ നിർമ്മാണത്തിന് 26-8-2014 തീയതിയിലെ ഉത്തരവ് സ.ഉ (സാധാ) നമ്പർ 2233/14/ത.സ്വ.ഭ.വ. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി &സി) പ്രസ്തുത അങ്കണവാടി കെട്ടിട നിർമ്മാണ പ്രവൃത്തികൾ LSGD-യെ ആണ് ഏൽപ്പിച്ചിരിക്കുന്നത് അങ്കണവാടികളുടെ നിർമ്മാണത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട് എന്നും പൊതുമരാമത്ത് നിരക്കിൽ വ്യതിയാനം വന്നതിനാൽ പുതുക്കി നിശ്ചയിച്ചിരിക്കുകയാണ് എന്നും ആയതിന് സാങ്കേതിക അനുമതി ലഭിക്കുന്നതിനായി ജില്ലാ പഞ്ചായത്തിൽ സമർപ്പിക്കേണ്ടതുണ്ടെന്നും ഒരു മാസത്തിനുള്ളിൽ ടെണ്ടർ നടപടികൾ കൈക്കൊള്ളുമെന്നും മാലൂർ പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

എൻഡോസൾഫാൻ ദുരിത മേഖലയിലെ പദ്ധതി പ്രവർത്തനങ്ങൾ

277 (4323) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻഡോസൾഫാൻ ദുരിതബാധിത മേഖലയിൽ സാമൂഹ്യക്ഷേമ വകുപ്പുമുഖേന എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് വിശദമാക്കാമോ ;

(ബി) 2014-15 സാമ്പത്തിക വർഷം എൻഡോസൾഫാൻ ദുരിത മേഖലയിലെ പദ്ധതി പ്രവർത്തനങ്ങൾക്ക് എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും അവയിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും പദ്ധതികൾ അടിസ്ഥാനത്തിൽ വിശദമാക്കാമോ ?

ഉത്തരം

(എ)

1. ആരോഗ്യവകുപ്പ് നടത്തിയ സർവ്വേയുടേയും മെഡിക്കൽ ക്യാമ്പിന്റേയും അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലാ കളക്ടർ അംഗീകരിച്ച് നൽകുന്ന ദുരിതബാധിതരുടെ ലിസ്റ്റ്പ്രകാരം ദീർഘകാല ചികിത്സ ആവശ്യമുള്ളതും രോഗാവസ്ഥയിലുള്ളവരും തൊഴിലെടുക്കാനാകാതെ വീട്ടിനുള്ളിൽ കഴിയുന്നവരുമായവരിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് വികലാംഗ പെൻഷൻ ലഭിക്കുന്നവർക്ക് 1700 രൂപയും വികലാംഗ പെൻഷൻ ലഭിക്കാത്തവർക്ക് 2200 രൂപയും എൻഡോസൾഫാൻ ദുരിതബാധിതരായ മറ്റുള്ളവർക്ക് 1200 രൂപ വീതവും പ്രതിമാസ ധനസഹായം സ്നേഹസാന്ത്വനം പദ്ധതി പ്രകാരം അനുവദിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly